Draft #16 of File 22104/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 24-Nov-2022 10:02 PM - Page 1

15 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 22104/AD A1/1/എ ഡി എ 1/AD A 1 തീയതി: 24.11.2022

പ്രിയദർശിനി ഹിൽസ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## സർക്കുലർ

വിഷയം:- ORANGE THE WORLD CAMPAIGN- "End violence against women now"ന്റെ ഭാഗമായി സ്ത്രീധന നിരോധന ദിനം-നവംബർ 26-പ്രതിജ്ഞ ചൊല്ലുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1. പൊതുഭരണ (ഏകോപനം) വകുപ്പിൽ നിന്നുമുള്ള 24.11.2022 തീയതിയിലെ സർക്കുലർ നം. സിഡിഎൻ4/176/2022/പൊഭവ.
2. ഭരണഘടനാ ദിനം ആചരിക്കുന്നതിനായി പുറപ്പെടുവിച്ച 24.11.2022-ലെ 1548/AD A1/4/2018/എഡിഎ1 നമ്പർ പരിപത്രം.

സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും ലിംഗവിവേചനവും അവസാനിപ്പിക്കുന്നതിനായി "ORANGE THE WORLD CAMPAIGN"- "End violence against women now"-ന്റെ ഭാഗമായി നവംബർ 25 (International Day for the elimination of violence against women) മുതൽ ഡിസംബർ 10 (Human Rights Day) വരെ നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് വനിതാശിശു വികസന വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

ആയതിന്റെ ഭാഗമായി, സ്ത്രീധന നിരോധന ദിനമായ 2022 നവംബർ 26-ന് എല്ലാ സർക്കാർ ജീവനക്കാരും, കോളേജ് വിദ്യാർത്ഥികളും സ്ത്രീധന നിരോധന പ്രതിജ്ഞ ചൊല്ലുന്നത് ഉചിതമായിരിക്കുമെന്നതിനാൽ, അന്നേദിവസം രാവിലെ 11 മണിയ്ക്ക് വനിതാശിശു വികസന വകുപ്പ് തയ്യാറാക്കിയിട്ടുള്ള പ്രതിജ്ഞ സർക്കാർ ജീവനക്കാർ ചൊല്ലുന്നതിനായി വനിതാശിശു വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ എല്ലാ വകുപ്പ് മേധാവികൾക്കും നിർദേശം നൽകികൊണ്ട് സൂചന (1) പ്രകാരം പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

അതിൻപ്രകാരം, 26.11.2022, ശനിയാഴ്ച രാവിലെ 11 മണിയ്ക്ക്, സർവ്വകലാശാല ഭരണവിഭാഗം മന്ദിരത്തിലെ ചത്വരത്തിൽ വെച്ച് ഇതുമായി ബന്ധപ്പെട്ട പ്രതിജ്ഞ വായിക്കപ്പെടുന്നതാണ്.

സൂചന (2) പ്രകാരം സംഘടിപ്പിക്കുന്ന ചടങ്ങുകൾക്ക് ശേഷം, ടി ചടങ്ങിൽ സർവ്വകലാശാലാ സമൂഹത്തിൽപ്പെട്ട എല്ലാവരും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പങ്കെടുക്കേണ്ടതാണ്.

26.11.2022, ശനിയാഴ്ച പ്രവൃത്തിദിനമല്ലാത്ത സർവ്വകലാശാല പഠനവകുപ്പുകളിൽ, 25.11.2022, വെള്ളിയാഴ്ച രാവിലെ 11 മണിക്ക് ബന്ധപ്പെട്ട വകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ പ്രസ്തുത ചടങ്ങ് സംഘടിപ്പിക്കേണ്ടതാണ്.

**ഷിജി സെബാസ്റ്റ്യൻ വി**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെന്റുകൾ /സ്കൂളുകൾ / സെന്ററുകൾ
2. വൈസ് ചാൻസിലറുടെ / പ്രൊ വൈസ് ചാൻസിലറുടെ പി.എസ്
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ /ഫിനാൻസ് ഓഫീസറുടെ പി.എ.
4. സെക്യൂരിറ്റി ഓഫീസർ / എസ്റ്റേറ്റ് ഓഫീസർ (ആവശ്യമായ ക്രമീകരണങ്ങൾക്കായി)
5. പബ്ലിക് റിലേഷൻസ് ഓഫീസർ (ആവശ്യമായ ക്രമീകരണങ്ങൾക്കായി)
6. റെക്കോർഡ്സ് / നോട്ടീസ് ബോർഡ് / ഫയൽ കോപ്പി.

Draft #16 of File 22104/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 24-Nov-2022 10:02 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #16 of File 22104/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 24-Nov-2022 10:02 PM - Page 3

# പ്രതിജ്ഞ

"സ്വാതന്ത്ര്യവും അവകാശവും കടമയും സ്ത്രീയ്ക്കും പുരുഷനും ഒരുപോലെയാണ്. സ്ത്രീധനം ആ സമത്വത്തെ തകർക്കുന്നു എന്നെനിയ്ക്ക് പൂർണ്ണ ബോദ്ധ്യമുണ്ട്. ഞാൻ സ്ത്രീധനം വാങ്ങുകയോ കൊടുക്കുകയോ ചെയ്യില്ല. എന്റെ ബന്ധുക്കളെയും കൂട്ടുകാരെയും നാട്ടുകാരെയും ഞാൻ സ്ത്രീധനം വാങ്ങുകയോ കൊടുക്കുകയോ ചെയ്യുന്നതിൽ നിന്ന് പിന്തിരിപ്പിക്കാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിക്കും. സ്ത്രീധനം കേരളത്തിൽ നിന്ന് നിർമ്മാർജ്ജനം ചെയ്യുന്നതിന് സമൂഹത്തോടൊപ്പം നിൽക്കുമെന്ന് ദൃഢപ്രതിജ്ഞ ചെയ്യുന്നു"